# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
### നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 210 23-03-2012 ന് മറുപടിയ്ക്ക്

**വനമേഖലയിൽ റാപ്പിഡ് റെസ്പോൺസ് യൂണിറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ :<br>ശ്രീ. എ.റ്റി. ജോർജ്ജ് : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) വനമേഖലയിലെ അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് വനം വകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; | എ) വനമേഖലയിലെ അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് വനം വകുപ്പ് താഴെ പറയുന്ന സംവിധാനങ്ങൾ ഒരുക്കി യിട്ടുണ്ട്.<br>1. വനമേഖലയിൽ സുസജ്ജരായ സംരക്ഷണ വിഭാഗം ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്.<br>2. ഇവർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കിയിട്ടുണ്ട്.<br>3. വനം വന്യജീവി കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. |

4. അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റാഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരുമായി സംരക്ഷണ സംബന്ധമായ വിവരങ്ങൾ കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്.
5. കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.
6. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ വനമേഖലയിലും സേവനം ലഭ്യമാകത്തക്കവണ്ണം ടീമുകളുടെ പ്രവർത്തന മേഖലകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.
7. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്ക

വിധേയമായി വെടിവച്ചുകൊല്ലു ന്നതിനുള്ള അധികാരം ഫോറസ്റ്റ് റെയിഞ്ചാഫീസർ മാർക്ക് പകർന്നു നൽകിയിട്ടുണ്ട്.

8. അടിയന്തിര ഘട്ടങ്ങളിൽ വനം വകുപ്പുദ്യോഗസ്ഥരെ സഹായിക്കുന്നതിനായി പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുള്ള ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് കോന്നി, നിലമ്പൂർ എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി പ്രവർത്തിക്കുന്നുണ്ട്.

ബി) ഇതിനായിട്ടുള്ള റാപ്പിഡ് റെസ് പോൺസ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

ബി) റാപ്പിഡ് റെസ് പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1. കൃഷിനാശം റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിലേക്ക് എത്രയും പെട്ടെന്ന് എത്തിച്ചേരുകയും അവിടുത്തെ പ്രാദേശിക ജീവനക്കാരുടെയും വാച്ചർമാരുടെയും വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങളുടെയും സഹായത്തോടെ പ്രതിരോധ നടപടികൾ കൈക്കൊണ്ട്

കാട്ടാനകൾ കാട്ടിലേക്ക് തന്നെ തിരികെ പോയി എന്ന് ഉറപ്പ് വരുത്തുക.

2. കൃഷിനാശം വരുത്തുന്നത് ഒറ്റയാനായ കാട്ടാനയാണെങ്കിൽ അതിനെ തിരികെ കാട്ടിലേക്ക് തുരത്തിയോടിക്കുന്നതിനുള്ള ശ്രമം വിഫലമാവുന്ന പക്ഷം ടി കാട്ടാനയെ മയക്കുവെടി വെച്ച് , തുടർന്ന് തിരികെ കാട്ടിലേക്ക് വിടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

3. ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി ആ പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസറുമായി ബന്ധപ്പെട്ട് പോലീസിന്റെ സഹായം തേടുക.

4. എല്ലാ പ്രവർത്തനങ്ങളുടെയും റിപ്പോർട്ടുകൾ അപ്പപ്പോൾ ലഭ്യമാക്കി മറ്റു പ്രദേശങ്ങളിലെ ഓഫീസർമാരുമായി ഏകോപനം നടത്തുക.

5. കാട്ടാനകളുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ

സ്ഥിരമായി പട്രോളിംഗ് നടത്തി ആന പ്രതിരോധ കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, കയ്യാലകൾ എന്നിവ പരിശോധിച്ചും പൊതുജനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണ്ട മുൻകരുതലുകളെടുക്കുക.

സി) സംസ്ഥാനത്ത് എവിടെയൊക്കെ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ?

സി) സംസ്ഥാനത്ത് സുൽത്താൻബത്തേരി, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ വനമേഖലയിലും ഈ ടീമിന്റെ സേവനം ലഭ്യമാകത്തക്ക–വണ്ണമാണ് പ്രവർത്തന മേഖലകൾ നിശ്ചയിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ